## വാസ്തുവിദ്യ

ആദർശ്കുമാർ *



# വാസ്തുവിലുണ്ട് വാസ്തവം



വാസ്തുശാസ്ത്രം കണിശമായി പാലിച്ചുകൊണ്ടാണ് പണ്ടുകാലത്ത് വീടുകളും കെട്ടിടങ്ങളും നിർമ്മിച്ചിരുന്നത്. ആധുനികകാലത്ത് ആഡംബരങ്ങൾക്കു പിന്നാലെ പോയപ്പോൾ പൊങ്ങച്ചത്തിന്റെ കോൺക്രീറ്റു കൂടുകളുയർന്നു. പരമ്പരാഗതമായ കെട്ടിടസംസ്കാരം തകിടംമറിഞ്ഞു. വാസ്തുശാസ്തം അന്ധവിശ്വാസമല്ല, യഥാർത്ഥശാസ്ത്രം തന്നെയാണെന്നു തിരിച്ചറിഞ്ഞതോടെ പഴയ വഴിയിലേക്ക് പതുക്കെയാണെങ്കിലും തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. പാരമ്പര്യത്തെ പൂർണ്ണമായും ആശ്ലേഷിക്കാൻ പുതിയ സാഹചര്യങ്ങളിൽ പലർക്കും സാധ്യമാവില്ലെങ്കിലും പരിമിതികൾക്കകത്തു നിന്നുകൊണ്ട് ഉൾക്കൊള്ളാൻ ശ്രമിക്കാം.

വീടു നിർമ്മിക്കുന്നവർക്കും നിർമ്മിച്ചുകഴിഞ്ഞവർക്കും വാസ്തുവിധി സംബന്ധിച്ച് പല സംശയങ്ങളുമുണ്ടാവാം. അത്തരം ചില സംശയങ്ങളും മറുപടിയും ചുവടെ:

**?വീടിന്റെ കന്നിഭാഗത്ത് സെപ്റ്റിക് ടാങ്കുണ്ട്. വാസ്തുശാസ്ത്രം അനുസരിച്ച് ഇതിൽ അപാകതയുണ്ടോ? എന്താണു പരിഹാരം.**

വാസ്തുവിധി തെറ്റിച്ചിരിക്കുകയാണ്. തീർച്ചയായും അപകടകരം. വസ്തുവിന്റെ തെക്കുപടിഞ്ഞാറു ഭാഗത്തെയാണ് കന്നിമൂല എന്നു പറയുന്നത്. വാസ്തുപുരുഷന്റെ പാദം കന്നിമൂലയിലാണെന്നാണു സങ്കല്പം. വാസ്തുവിധി അനുസരിച്ച് ഇവിടെ ഉയർന്നിരിക്കണം. ഒരു തരത്തിലും ഭാരം കുറയാനും പാടില്ല. ഈ ഭാഗത്ത് കുഴിയോ മറ്റോ ഉണ്ടാക്കിയാൽ അത് കുടുംബനാഥന്റെ ആയുസ്സിനെ ബാധിക്കും. വീട്ടിൽ അകാലമരണം, തുടരെയുണ്ടാകുന്ന അപകടങ്ങൾ, തൊഴിൽതടസ്സം, കുട്ടികൾക്ക് അപസ്മാരം പോലെയുള്ള അസുഖങ്ങൾ എന്നിവയുണ്ടാകാം. കന്നിമൂലയിൽ നിന്ന് സെപ്റ്റിക് ടാങ്ക് മാറ്റി വസ്തു പഴയപടി ആക്കുകയാണ് ഉത്തമപരിഹാരം. സ്ഥലപരിമിതി കാരണം സെപ്റ്റിക് ടാങ്ക് മാറ്റാൻ

>>> പേരിനു പിന്നിൽ

*കാക്കനാടൻ എന്ന പേരിൽ പ്രശസ്തനായ മലയാള സാഹിത്യകാരന്റെ യഥാർത്ഥ പേര് അറിയാമോ? ജോർജ് വർഗീസ്*



www.aadarshkumar.com